(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ‡

കോഴിക്കോട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിവുള്ള തസ്തികകൾ

147 [3201] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; എത്ര കാലമായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്തി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അതിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക 2004 മുതലും ബാക്കിയുള്ളവ 3 വർഷമായും ഒഴിഞ്ഞുകിടക്കുന്നു.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങളുടെ ടെക്സ്റ്റ് മാറ്റർ അച്ചടിക്കുന്നത് സംബന്ധിച്ച മുഴുവൻ ജോലികളും ചെയ്യുന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനമുദ്രണം പ്രസ്സിലാണ്. കോഴിക്കോട് പ്രാദേശിക കേന്ദ്രം കേന്ദ്രീകരിച്ച് കാര്യമായ അക്കാദമിക് പ്രവർത്തനം നടക്കുന്നുമില്ല.

വിജ്ഞാനമുദ്രണം പ്രസ്സിലെ ജീവനക്കാർക്ക് സറണ്ടറും ടെർമിനൽ സറണ്ടർ ആനുകൂല്യവും ലഭിക്കുന്നത് സംബന്ധിച്ച്

148 [3202] ശ്രീ. തോമസ് ഉണ്ണിയാടൻ:

„ ജോസഫ് എം. പുതുശ്ശേരി:

„ സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിജ്ഞാനമുദ്രണം പ്രസ്സിലെ ജീവനക്കാർക്ക് സറണ്ടറും ടെർമിനൽ സറണ്ടർ ആനുകൂല്യങ്ങളും അനുവദിക്കുന്നതു സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ എന്നു വെളിപ്പെടുത്തുമോ;

‡ അനുബന്ധം VIII എ കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തീരുമാനത്തിനുമേൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വിജ്ഞാനമുദ്രണം പ്രസ്സിലെ ജീവനക്കാരുടെ പ്രസ്തുത ആവശ്യമുന്നയിച്ച് ആരെങ്കിലും സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) ഇവരുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എടുത്തിരുന്നു.

(ബി) വിജ്ഞാനമുദ്രണം പ്രസ്സ് ഇപ്പോഴും ഫാക്ടറി റൂൾ പ്രകാരം പ്രവർത്തിക്കുന്നതിനാൽ ഭരണസമിതി തീരുമാനം നടപ്പിലാക്കിയിട്ടില്ല.

(സി ആന്റ് ഡി) സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യം പരിശോധിച്ചു വരുന്നു.

സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം

149 [3203] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഒരു സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിലേക്കായി 2004-2005 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സമരചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിലേക്കായി സംസ്ഥാന ആർക്കൈവ്സ്-ആർക്കിയോളജി വകുപ്പുകൾ എന്തെല്ലാം നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 2004-ൽ വട്ടിയൂർക്കാവ് സമ്മേളന ദിനമായ ഡിസംബർ 22-ന് നടന്ന സ്വാതന്ത്ര്യസമര ഭടന്മാരുടെ സംഗമത്തിൽ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നോ എന്നറിയിക്കുമോ;

(ഡി) മ്യൂസിയം നിർമ്മാണത്തിന് അനുവദിച്ച തുക ബന്ധപ്പെട്ട വകുപ്പിന്റെ 'ഹെഡ് ഓഫ് അക്കൗണ്ടി'ലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കണമെന്ന താൽപ്പര്യം ഒരു നോട്ടിഫിക്കേഷനിലൂടെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-2005 വർഷം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. പക്ഷേ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 25 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly